## പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്
04-10-2021

### (1) ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധം

2021 ഒക്ടോബർ 4-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണവേളയിൽ, തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിൽ കുറവ് വരുത്താൻ പാടില്ലെന്ന 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് തൊഴിലാളികളുടെ വേതനത്തിൽനിന്നും നിശ്ചിത തുക സംസ്ഥാന ക്ഷേമനിധിയിലേയ്ക്ക് നൽകണമെന്ന ബില്ലിലെ വ്യവസ്ഥ കേന്ദ്രനിയമത്തിന് വിരുദ്ധമാണെന്നും ക്ഷേമനിധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുന്നതുവരെയുള്ള തൊഴിലാളികളുടെ അംശദായം സംസ്ഥാന സർക്കാർ നൽകേണ്ടതാണെന്ന വ്യവസ്ഥയില്ലാത്തതിനാൽ ബിൽ നിയമപരമായി നിലനിൽക്കുന്നതല്ലെന്നും തൊഴിലാളികൾക്ക് ആനുപാതികമായി സർക്കാർ വിഹിതം നൽകേണ്ടതിനാൽ 2021-

ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തക ചെലവിനത്തിൽ തുക ചേർത്തിരിക്കുന്നത് ക്രമപ്രകാരമല്ലെന്നും ന്യൂനതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പരിധിക്കുള്ളിൽവരുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥ ചെയ്യുന്നതാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലെന്നും തൊഴിലാളികളുടെ വേതനത്തിൽനിന്നും അംശദായമിനത്തിൽ ക്ഷേമനിധിവിഹിതം അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ലെന്നും ബില്ലിന്റെ നാലാം വകുപ്പ് പ്രകാരം ക്ഷേമനിധിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന തൊഴിലാളിമാത്രം 50 രൂപ അംശദായമായി നൽകണമെന്നതാണ് വ്യവസ്ഥയെന്നും 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമമായ 2005-ലെ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

**ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.**

**"തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നിയമമാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ. ഇത് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്നു മാത്രമല്ല, ധനകാര്യ മെമ്മോറാണ്ടത്തിലും പ്രകടമായ അപാകത കണ്ടെത്തുവാൻ കഴിയുന്നില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. "**